## ജീവചരിത്രം

1599 മാർച്ച് 13ന് ബൽജിയത്തിലെ ലുവെയിന് അടുത്തുള്ള ഡീസ്റ്റ് എന്ന സ്ഥലത്ത് ജനിച്ചു. 16-ാം വയസ്സിൽ ഈശോസഭയിൽ ചേർന്ന് വൈദികവിദ്യാർത്ഥിയായി. 22-ാമത്തെ വയസ്സിൽ കഠിനമായ പനി ബാധിച്ച്, 1621 ആഗസ്റ്റ് 13ന് മരിച്ചു. അൾത്താരശുശ്രൂഷയിൽ അത്യധികം ഉൽസുകനായിരുന്നു. സാധാരണകാര്യങ്ങൾ പോലും അതീവ ശ്രദ്ധയോടും താല്പര്യത്തോടും കൂടെ ചെയ്ത് പരിപൂർണ്ണത കൈവരിക്കാൻ പരിശ്രമിച്ചിരുന്നു. ചെറുപ്പത്തിൽ വിശുദ്ധനാകാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീടൊരിക്കലും തനിക്കതിന് കഴിഞ്ഞെന്ന് വരില്ല എന്നദ്ദേഹം പറഞ്ഞിരുന്നത്രെ. കുരിശ്, കൊന്ത, ഈശോസഭയുടെ നിയമപുസ്തകം എന്നിവ കൈയിൽ പിടിച്ചുകൊണ്ടാണ് അദ്ദേഹം മരിച്ചത്. 1888-ൽ ലെയോ 13-ാമൻ മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

Imprimatur:
@ Cardinal Mar Varkey Vithayathil
Ernakulam, 06/01/2010

Prepared by: **Rev. Dr. Berchmans Kodackal**

Mar Louis Book Centre, Ernakulam




# വിശുദ്ധ ജോൺ ബർക്കുമാൻസ്

(അൾത്താര ശുശ്രൂഷകരുടെ മദ്ധ്യസ്ഥൻ)

**തിരുനാൾ: ആഗസ്റ്റ് 13ന്**

## അൾത്താര ശുശ്രൂഷകരുടെ പ്രാർത്ഥന

കർത്താവായ ദൈവമേ,/ അങ്ങയുടെ പ്രിയപുത്രന്റെ/ തിരുബലിയിൽ ശുശ്രൂഷകരാകുവാൻ/ ഞങ്ങളെ തിരഞ്ഞെടുത്തതിന്/ ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു./ അൾത്താര ശുശ്രൂഷകരുടെ/ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ/ വിശുദ്ധ ജോൺ ബർക്കുമാൻസിന്റെ/ ആഴമേറിയ വിശ്വാസവും/ തീക്ഷ്ണമായ ഭക്തിയും/ ഞങ്ങളിലും ഉണ്ടാകുവാൻ/ അങ്ങ് കനിയണമേ./ എന്നും അർപ്പിക്കപ്പെടുന്ന ഈശോമിശിഹായുടെ / പരമയാഗത്തിൽ പങ്കാളികളാകുവാനും,/ തീവ്രമായ സ്നേഹത്തോടെ/ അൾത്താരയിൽ ശുശ്രൂഷ ചെയ്യുവാനും/ ഞങ്ങളെ അങ്ങ്/ നിരന്തരം ഒരുക്കണമേ./ അങ്ങേ സന്നിധിയിൽ കീർത്തനം പാടുന്ന/ഞങ്ങളുടെ നാവുകൾ/ നല്ലതുമാത്രം പറയട്ടെ;/ വിശുദ്ധ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന/ ഞങ്ങളുടെ കരങ്ങൾ/ സ്നേഹത്തിന്റെ പ്രവൃത്തികളിൽ/ വ്യാപൃതമാകട്ടെ;/ അങ്ങയുടെ ദിവ്യരഹസ്യങ്ങൾ വീക്ഷിക്കുന്ന/ ഞങ്ങളുടെ കണ്ണുകൾ/ സ്വർഗ്ഗത്തിൽ അങ്ങയുടെ മഹത്ത്വം/ ദർശിക്കാനിടവരട്ടെ;/ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന/ ഞങ്ങളുടെ പാദങ്ങൾ/ നന്മയുടെ വഴികളിൽ മാത്രം/ സഞ്ചരിക്കട്ടെ./ ഞങ്ങൾ ജീവിച്ചിരിക്കുന്ന കാലമത്രയും/ അങ്ങയുടെ പ്രിയപുത്രന്റെ/ സ്നേഹബലിയുടെ അൾത്താര/ ഞങ്ങൾക്ക് ആവേശവും/ ത്യാഗസന്നദ്ധതയും നല്കട്ടെ./ സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

അൾത്താരശുശ്രൂഷകരുടെ മദ്ധ്യസ്ഥനായ/ വിശുദ്ധ ജോൺ ബർക്കുമാൻസേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.